**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3640** **26-10-2021 - ൽ മറുപടിയ്ക്ക്**

**അരൂർ മണ്ഡലത്തിൽ നിർത്തലാക്കിയ സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മൂലം അരൂർ നിയോജക മണ്ഡലത്തിൽ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (എ) | കോവിഡ് മൂലം അരൂർ നിയോജക മണ്ഡലത്തിൽ ചുവടെ ചേർക്കുന്ന സർവ്വീസുകൾ ഭാഗീകമായി നിർത്തി വച്ചിട്ടുണ്ട്. ചേർത്തല 1. 04.35 അരൂകുറ്റി വഴി ഹൈക്കോർട്ട് ജംഗ്ഷൻ 2. 04.50 എം.എൽ.എ റോഡ് വഴി തോപ്പുംപടി 3. 06.00 എം.എൽ.എ റോഡ് വഴി തോപ്പുംപടി 4. 05.45 അരൂക്കുറ്റി വഴി ആലുവ 5. 06.35 വളമംഗലം വഴി തോപ്പുംപടി 6. 07.50 വളമംഗലം വഴി എരമല്ലൂർ 7. 05.25 കുമ്പളങ്ങ വഴി ഹൈക്കോർട്ട് ജംഗ്ഷൻ എറണാകുളം 1. 06.00 ചേർത്തല 2. 05.30 ചേർത്തല 3. 07.20 ചേർത്തല 4. 06.50 കുമ്പളങ്ങി 5. 06.10 തവണക്കടവ് 6. 04.30 ചേർത്തല 7. 06.30 വണ്ടാനം 8. 05.40 കാട്ടൂർ |
| (ബി) | പ്രസ്തുത സർവ്വീസുകൾ പുനരാരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ? | (ബി) | ജനോപകാരപ്രദമല്ലാത്തതും ഡീസൽ തുക പോലും ലഭിക്കാത്തതുമായ കെ.എസ്.ആർ. ടി.സി. സർവ്വീസുകൾ ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ട്രിപ്പുകൾ പുന:ക്രമീകരിക്കുന്നതിനും നഷ്ടം കുറയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. 2021 മാർച്ച് മാസത്തിൽ കോവിഡ് നിയന്ത്രണത്തിലെ ഇളവുകൾ പ്രഖ്യാപിച്ച ഘട്ടത്തിന് തുല്യമായ സർവ്വീസുകളാണ് ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നത്. ഇളവുകൾ പൂർണ്ണമായും വരുന്നതോടെയും, യാത്രക്കാരുടെ ആവശ്യം വർദ്ധിക്കുന്നതോട്ടു കൂടിയും ആവശ്യമെങ്കിൽ കൂടുതൽ സർവ്വീസുകൾ നടത്തുന്നതാണ്. കൂടുതൽ നഷ്ടം സഹിച്ച് ഡീസൽ തുക പോലും കിട്ടാത്ത സർവ്വീസുകൾ തുടർന്ന് നടത്തുവാൻ കഴിയാത്തതിനാൽ ബന്ധപ്പെട്ട എം.എൽ.എ അടക്കമുള്ള ജനപ്രതിനികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞ് ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ട്രിപ്പുകൾ റൂട്ട് പ്ലാനിംഗിലൂടെ ലാഭകരമാക്കി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. യാത്രക്കാരുടെ |

| | | | |
|---|---|---|---|
| | | | ആവശ്യം അനുസരിച്ച് ട്രിപ്പുകൾ പുന:ക്രമീകരിക്കുകയും, യാതൊരു ഉപകാരവും ഇല്ലാത്ത ഡീസൽ തുക പോലും ലഭിക്കാത്ത സർവ്വീസുകൾ ജനോപകാരപ്രദമായി ഇത്തരത്തിൽ ക്രമീകരിക്കുന്നതിനും പ്രസ്തുത ക്രമീകരണത്തിനു ശേഷവും പൊതുജനങ്ങളുടെ യാത്രാവശ്യത്തിലേയ്ക്ക് അധിക സർവ്വീസുകൾ, ആവശ്യമായി വന്നാൽ പരിശോധിച്ച് 'ഗ്രാമവണ്ടി' പദ്ധതിയിൽ ബസ്സുകൾ അനുവദിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ